ഭരണഭാഷ - മാതൃഭാഷ

നം.എ/4146/23

താലൂക്കാസ്ഥാനആശുപത്രി.
ചാവക്കാട്, 29-02-2024
govthoscvd@gmail.com, Ph: 0487-2501110, 0487-2507310

# റീ ടെൻഡർ /ലേല പരസ്യം

വിഷയം : ചാവക്കാട് താലൂക്ക് ആശുപത്രിയിൽ നബാർഡ് ഫണ്ട് പ്രകാരമുള്ള കാഷ്വാൽറ്റി കോംപ്ലക്സ് നിർമ്മിയ്ക്കുന്നതിന് 4 കെട്ടിടങ്ങൾ പൊളിച്ചുനീക്കി കെട്ടിടാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ടെൻഡർ / ലേലം നടത്തുന്നു.

സൂചന : 1. സ.ഉ(പി) നം.2705/2023/ ആ.കു.വ .തിയതി 17/10/2023
2. സ.ഉ.(സാധാ)നം.3057/23/H&FWD തിയതി 20/11/2023
3. ഉ.നം. PLB4/224/2024 ആ.വ.ഡ .തിയതി 21/1/2024

ചാവക്കാട് താലൂക്ക് ആശുപത്രിയിൽ സൂചന (1) പ്രകാരം അനുവദിച്ചിട്ടുള്ള കാഷ്വാൽറ്റി കോംപ്ലക്സ് (നബാർഡ് ഫണ്ട് പ്രകാരമുള്ള) പദ്ധതി നടപ്പിലാക്കുന്നതിൻറെ ഭാഗമായി ടി സ്ഥലത്തെ ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് സൂചന 2,3 ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ചാവക്കാട് താലൂക്ക് ആശുപത്രിയിലെ പൊളിച്ചു നീക്കേണ്ടതായ കെട്ടിടങ്ങളിൽ പഴയ എക്സ്-റേ യൂണിറ്റ്, പഴയ മെയിൽ വാർഡ്, പാലിയേറ്റീവ് & മെയിൽ വാർഡ് എന്നീ 4 കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനും കെട്ടിടാവശിഷ്ടങ്ങൾ എടുത്തു മാറ്റി പുതിയ കെട്ടിടം പണിയുന്നതിന് സ്ഥലം അനുയോജ്യമായ രീതിയിൽ ആക്കുന്നതിനും ചാവക്കാട് താലൂക്ക് ആശുപത്രിയിൽ വെച്ച് 20/03/2024 തീയതി ഉച്ചയ്ക്ക് 12.30 ന് ടെൻഡർ/ലേലം നടത്തുന്നു. ടെൻഡർ /ലേലത്തിൽ പങ്കെടുക്കുവാൻ 29000/- രൂപയുടെ നിരതദ്രവ്യം DD ആയി സമർപ്പിക്കണം. ഏറ്റവും ഉയർന്ന തുകയ്ക്ക് ടെൻഡർ /ലേലം വിളിയ്ക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകുന്നതായിരിക്കും. ലേലം ഉറപ്പിച്ചു ടി ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി അന്നേദിവസം തന്നെ ലേല തുകയുടെ 50 ശതമാനം അടയ്ക്കേണ്ടതും, അന്തിമാനുമതി കത്ത് ലഭിക്കുന്ന മുറക്ക് ബാക്കി തുകയും ലേലം ഉറപ്പിച്ച തുകയുടെ 18% ജി.എസ്.റ്റി തുകയും കൂടി അടയ്ക്കേണ്ടതാണ്. ലേല ദിവസം 1, 2 ,3 സ്ഥാനക്കാരുടെ നിരതദ്രവ്യം ഒഴികെ ബാക്കിയുള്ളവരുടെ തുക തിരികെ നൽകുന്നതാണ്. ലേലം ഉറപ്പിച്ചു ടി. ജോലി ഏറ്റെടുത്തിരിക്കുന്ന വ്യക്തി മേൽ കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 20 ദിവസത്തിനകം പൂർത്തിയാക്കുന്നതാണെന്നും, ടി പ്രവർത്തനങ്ങൾ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ ചെയ്തു കൊള്ളാമെന്നും കാണിച്ചുകൊണ്ട് സൂപ്രണ്ടുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. വിശദവിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്. ലേലം സംബന്ധിച്ച അവസാന തീരുമാനം എടുക്കുന്നതിനും ആവശ്യമെങ്കിൽ വേണ്ടതായ തിരുത്തലുകളും മാറ്റങ്ങളും വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം ചാവക്കാട് താലൂക്കാശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

Scanned by SCANit App

ദർഘാസ് ഫാറത്തിൻറെ വില : 2500 രൂപ + വില്പന നികുതി (18 %)

ദർഘാസ് ഫാറം വിൽക്കുന്ന തീയതി : 11/3/2024 രാവിലെ 11 മുതൽ

ദർഘാസ് ഫാറം വിൽക്കുന്ന അവസാന തീയതി : 16/3/2024 വൈകീട്ട് 3 മണി വരെ

ദർഘാസ് ഫാറം സ്വീകരിക്കുന്ന അവസാന തീയതി:19/03/2024 വൈകീട്ട് 3 മണി വരെ

ദർഘാസ് ഫാറം തുറക്കുന്ന തിയ്യതി : 20/03/2024 ഉച്ചയ്ക്ക് 12 മണി

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
2. സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിനുശേഷം മാത്രമേ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ തുടങ്ങുവാൻ പാടുള്ളൂ. നിശ്ചിതസമയത്തിനകം കെട്ടിടം പൊളിച്ചുമാറ്റുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് കരാർ വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി സുരക്ഷിത നിക്ഷേപവും നിരതദ്രവ്യവും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.
3. പൊളിച്ചുമാറ്റുമ്പോൾ മറ്റ് കെട്ടിടങ്ങൾക്ക് കേടുപാട്, ആശുപത്രി സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശം എന്നിവ ഉണ്ടായാൽ നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.
4. ആശുപത്രിയുടെ സുഗമമായ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ പൊളിക്കൽ ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നിർവഹിക്കേണ്ടതാണ്.
5. തറനിരപ്പിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ ലേല അംഗീകാരം ലഭിച്ച വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും ആശുപത്രിയിൽ നിന്നും നീക്കം ചെയ്ത് സൈറ്റ് ക്ലിയറൻസ് ആക്കി തരേണ്ടതാണ്.
6. തറനിരപ്പിൽ നിന്ന് പൊളിച്ചുമാറ്റുമ്പോൾ മണൽ തുടങ്ങിയ മൈനർ മിനറൽസ് ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സർക്കാർ ഏർപ്പെടുത്തിയ റോയൽറ്റിയും മറ്റു ഫീസുകളും നിയമാനുസൃതമായി തൃശ്ശൂർ ജില്ലാ Mining & Geology ഓഫീസിൽ ഒടുക്കിയതിനു ശേഷം മാത്രമേ ഇവിടെ നിന്നും നീക്കം ചെയ്യാൻ പാടുള്ളൂ. റോയൽറ്റി അടച്ച രേഖകൾ ആരോഗ്യ വകുപ്പിനെ ബോധ്യപ്പെടുത്തി നിയമാനുസൃത പാസ്സുകൾ സമ്പാദിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

സൂപ്രണ്ട്

SUPERINTENDENT
TALUK HEAD QUARTERS HOSPITAL
CHAVAKKAD

പകർപ്പ്

a. ജില്ലാ മെഡിക്കൽ ഓഫീസർ,(ആ), തൃശ്ശൂർ
b. ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
c. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്,
d. സെക്രട്ടറി, ചാവക്കാട് നഗരസഭ
e. എ.ഇ,പൊതുമരാമത്ത് വകുപ്പ്, ചാവക്കാട്
f. നോട്ടീസ് ബോർഡ്-താലൂക്കാഫീസ്/കളക്ട്രേറ്റ്
g. ജില്ലാ പ്രോഗ്രാം മാനേജരുടെ കാര്യാലയം, തൃശ്ശൂർ
h. വില്ലേജ് ഓഫീസ്
i. സംഭരണ ഫയൽ

TALUK HEAD QUARTERS HOSPITAL CHAVAKKAD

DK*29/2/24

Scanned by SCANit App